# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com    വെബ്സൈറ്റ്: www keralasahityaakademi.org

പത്രക്കുറിപ്പ് 17.03.2017

## സാഹിത്യ അക്കാദമി
## കോളേജ് വിദ്യാർത്ഥികൾക്കായി
## സാഹിത്യമത്സരം നടത്തുന്നു

കേരള സാഹിത്യ അക്കാദമി പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള കോളേജ് വിദ്യാർത്ഥികൾക്കായി ചെറുകഥ, കവിത, സാഹിത്യനിരൂപണം എന്നീ ഇനങ്ങളിൽ മത്സരം നടത്താൻ ഉദ്ദേശിക്കുന്നു. കഥ, കവിത ഇനങ്ങളിൽ ഏറ്റവും അടുത്ത കാലത്തെഴുതിയ ഒന്നോ രണ്ടോ രചനകളാണ് പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെയോ, വകുപ്പുതല വന്റെയോ സാക്ഷ്യപത്രത്തോടൊപ്പം പരിഗണനയ്ക്കായി സമർപ്പിക്കേണ്ടത്. 'നിരൂപണ ത്തിന്റെ മാറുന്ന മാനദണ്ഡങ്ങൾ' എന്ന വിഷയത്തെ മുൻനിർത്തി എ 4 സൈസ് പേപ്പറിൽ എട്ടിനും പത്തിനും ഇടയ്ക്ക് പേജുകൾ വരുന്ന ഒരു രചനയാണ് നിരൂപണത്തിൽ പരിഗ ണനയ്ക്കായി സ്ഥാപനമേധാവിയുടെയോ, വകുപ്പുതലവന്റെയോ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടത്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായവർക്ക് യഥാക്രമം 5000, 3000, 2000 രൂപയാണ് സമ്മാനമായി നൽകപ്പെടുക.

സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ നൽകുന്ന വേദിയിൽവെച്ച് ഈ മത്സരവിജയി കൾക്കുള്ള സമ്മാനങ്ങളും നൽകപ്പെടുന്നതായിരിക്കും. രചനകൾ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ-680 020 എന്ന വിലാസത്തിൽ 2017 ഏപ്രിൽ 15-നകം ലഭിച്ചി രിക്കണം. കവറിനു പുറത്ത് 'സാഹിത്യമത്സര'ത്തിന് എന്ന് രേഖപ്പെടുത്തണം.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

---

**പ്രിയ എഡിറ്റർ,** മുകളിൽ ചേർത്തിരിക്കുന്ന വാർത്ത താങ്കളുടെ മാധ്യമത്തിൽ/പത്രത്തിൽ സംസ്ഥാനതല പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.